ദീപിക
05 February 2020



കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനമായ കൊച്ചിയിലെ സിഎംഎഫ്ആർഐയിൽ സ്ഥാപകദിനത്തോടനുബന്ധിച്ചു നടന്ന കടലറിവുകളുടെ പ്രദർശനത്തിൽ മത്സ്യങ്ങളുടെ ചെവിക്കല്ലുകൾ ഉപയോഗിച്ചു നിർമിച്ച കമ്മലുകൾ നോക്കിക്കാണുന്ന വിദ്യാർഥിനികൾ.

# ഇനി അണിയാം മീൻകമ്മലുകൾ

**കൊച്ചി:** ആഭരണങ്ങളിൽ വ്യത്യസ്തത ആഗ്രഹിക്കുന്നവർക്ക് ഒരു സന്തോഷവാർത്ത. ഇനി മീൻ കമ്മലുകളും മാലകളും അണിഞ്ഞു വിലസാം. കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐ ആണ് പുതുമയുള്ള ആഭരണങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. മത്സ്യങ്ങളുടെ ചെവിക്കല്ലുകളും വെള്ളിയും ഉപയോഗിച്ചാണു കമ്മലുകളുടെയും മാലകളുടെയും നിർമാണം.

മീനുകളെ തിരിച്ചറിയുന്നതിനും അവയുടെ പ്രായം അറിയുന്നതിനും വേണ്ടിയുള്ള പഠനത്തിനായി ചെവിക്കല്ലുകൾ ശേഖരിച്ചപ്പോഴാണ് ഇവ ആഭരണങ്ങളാക്കി ഉപയോഗിക്കാമെന്നു തിരിച്ചറിഞ്ഞതെന്നു ഗവേഷകർ പറഞ്ഞു. ഭൂരിഭാഗം മീനുകൾക്കും ചെവിക്കല്ലുണ്ടെങ്കിലും പത്തോളം മീനുകളുടേതു മാത്രമാണ് ആഭരണങ്ങൾ നിർമിക്കാൻ അനുയോജ്യം. വെള്ളി ഉപയോഗിച്ചു നിർമിക്കുന്ന ഒരു മീൻകമ്മലിന് ആയിരം രൂപയോളം വില വരും.

സിഎംഎഫ്ആർഐയുടെ 73ാം സ്ഥാപകദിനത്തോടനുബന്ധിച്ചു നടന്ന കടലറിവുകളുടെ പ്രദർശനത്തിൽ പ്രധാന ആകർഷണം മീൻആഭരണങ്ങളായിരുന്നു. സ്രാവ്, കടൽമുയൽ, പറക്കുംകൂന്തൽ, കടൽപ്പശു, കടൽവെള്ളരി, പലതരം കടൽസസ്യങ്ങൾ, കടൽപാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങി എണ്ണമറ്റ കടൽജൈവവൈവിധ്യങ്ങളും ഓലമീൻ, ആനത്തിരണ്ടി, സൈക്കിൾ ചെയിൻ മത്സ്യം, ഗിത്താർ മത്സ്യം, വിവിധയിനം സ്രാവുകൾ, ഞണ്ടുകൾ, ചെമ്മീൻ ഇനങ്ങൾ തുടങ്ങിയവയും പ്രദർശനത്തിനൊരുക്കിയിരുന്നു.

കടലിൽ മുത്തുച്ചിപ്പി കൃഷി ചെയ്ത് അവ വേർതിരിച്ചെടുക്കുന്ന രീതികളും പ്രദർശനത്തിൽ അവതരിപ്പിച്ചു. പ്ലാസ്റ്റിക് മാലിന്യം മീനുകളുടെ ജീവന് ഭീഷണിയാകുന്നതിന്റെ നേർചിത്രങ്ങളും കൂടുമത്സ്യക്കൃഷി പോലെയുള്ള വിവിധ സമുദ്രജലക്കൃഷി മാതൃകകളും കടൽവെള്ളത്തിന് നിറം നൽകുന്ന സൂക്ഷ്മ ആൽഗകളും കടലിലെ വർണമത്സ്യങ്ങളുടെ ശേഖരമായ മറൈൻ അക്വേറിയവും സന്ദർശകരെ ആകർഷിച്ചു. വിദ്യാർഥികളടക്കം ആയിരങ്ങൾ പ്രദർശനം കാണാനെത്തി.